തിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ 97 തസ്തികകളും തൃശ്ശൂർ മെഡിക്കൽ കോളേജിൽ 92 തസ്തികകളും കോട്ടയം ഡെന്റൽ കോളേജിൽ 20 തസ്തികകളും ഇതിനോടകം തന്നെ സൃഷ്ടിച്ചുകഴിഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജിൽ 47 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ഹെൽത്ത് സർവ്വീസസ് വകുപ്പിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴും നിലവിലുള്ളത്. ഇത് പരിഷ്ക്കരിച്ച് രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം കൂട്ടുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ഇലക്ട്രിസിറ്റി ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച്

*27 [27] ശ്രീ. ബിനോയ് വിശ്വം:

,, മാങ്കോട് രാധാകൃഷ്ണൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്റ്റ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് 2004 ജൂൺ 10 മുതൽ ഒരു വർഷത്തേയ്ക്കുകൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിബന്ധനകൾ വച്ചിട്ടുണ്ടോ;

(സി) സംസ്ഥാന വൈദ്യുതി ബോർഡ് പൊതുമേഖലയിൽ നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ ആന്റ് ബി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും പ്രവർത്തിക്കുന്നതിന് 2004 ജൂൺ 10 മുതൽ ഒരു വർഷത്തേയ്ക്കുകൂടി കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ അനുമതി സംബന്ധമായി കേന്ദ്ര സർക്കാർ നിബന്ധന ഒന്നും വച്ചിട്ടില്ല.

(സി) 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന വൈദ്യുതി ബോർഡ് പൊതുമേഖലയിൽ നിലനിർത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly